# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

തീയതി.27.10.2018

### ഇക്കോ ടൂറിസം മൈക്രോ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു

കേരളത്തിലെ ഇക്കോടൂറിസം കേന്ദ്രങ്ങളെ സംബന്ധിച്ച വിശദാംങ്ങൾ ഉൾപ്പെടുത്തികൊണ്ട് വിനോദസഞ്ചാര വകുപ്പ് തയ്യാറാക്കിയ മൈക്രോ വെബ്സൈറ്റിന്റെ ഉദ്ഘാടനം സഹകരണ, ടൂറിസം, ദേവസ്വം വകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവ്വഹിച്ചു.

47 ഇക്കോടൂറിസം കേന്ദ്രങ്ങളെ കുറിച്ചുള്ള വിവരങ്ങളും 35 ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ നിലവിലുള്ള 100-ൽ പരം വിശദാംശങ്ങളും, ഇത് സംബന്ധിച്ച 75-ഓളം വീഡിയോകളും 200-ൽപ്പരം ചിത്രങ്ങളും, 10 കേന്ദ്രങ്ങളെക്കുറിച്ചുള്ള 30 -ലധികം പേജുകൾ അടങ്ങുന്ന ഇ-ബ്രോഷറുകളും സൈറ്റിൽ സജ്ജീകരിച്ചിട്ടുണ്ട്. 500-ലധികം പേജുകളാണ് വെബ്സൈറ്റിലുള്ളത്.

വൈവിധ്യമുള്ള ട്രെക്കിംഗ് പാക്കേജുകളടക്കം വിനോദ സഞ്ചാരികൾക്ക് ഏറ്റവും പ്രയോജനപ്പെടുന്ന യാത്രാവിവരങ്ങളുമുണ്ട്. സൈലന്റ്‌വാലി, ഇരവികുളം ദേശീയോദ്യാനം, പറമ്പിക്കുളം, പെരിയാർ എന്നീ കടുവാസങ്കേതങ്ങൾ, ചിന്നാർ, ചെന്തുരുണി വന്യമൃഗസങ്കേതം, വയനാട്ടിലെ ചെമ്പ്ര കൊടുമുടി എന്നിവയെ കുറിച്ചും വെബ്സൈറ്റിൽ വിശദ വിവരങ്ങളുണ്ട്. keralatourism.org എന്ന വെബ്സൈറ്റിന്റെ ഹോം പേജിൽ ഇതിന്റെ ലിങ്ക് ലഭ്യമാണ്.

മന്ത്രിയുടെ ചേമ്പറിൽ നടന്ന ചടങ്ങിൽ ഇക്കോ ടൂറിസം ഡയറക്ടർ പി.പി. പ്രമോദ്, കിറ്റ്സ് ഡയറക്ടർ രാജശ്രീ അജിത്ത്, അഡ്വഞ്ചർ ടൂറിസം സി. ഇ.ഒ. മനേഷ് ഭാസ്കരൻ, ടൂറിസം, ഇക്കോ ടൂറിസം, വനം വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

FIBPR-456